# ഗവ. ഹയർ സെക്കന്ററി സ്കൂൾ
# തിരുമേനി

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26



# സ്കൂൾ വിവരങ്ങൾ

- റവന്യൂ ജില്ല : പയ്യന്നൂർ
- സ്കൂൾ കോഡ് : **13095**
- സ്കൂളിന്റെ പേര് : ജി എച്ച് എസ് എസ് തിരുമേനി
- മേൽവിലാസം : തിരുമേനി, ചെറുപുഴ **(PO),**
  കണ്ണൂർ - **670511**
- ഫോൺ നമ്പർ : **04985 232396**
- ഇ - മെയിൽ : **hmghsthirumeni @gmail.com**
- ഗ്രമ പഞ്ചായത്ത് : ചെറുപുഴ
- വിദ്യാഭ്യാസ ജില്ല : തളിപ്പറമ്പ്
- സബ്ജില്ല : പയ്യന്നൂർ
- ക്ലാസുകൾ : **5** മുതൽ **12** വരെ
- മാനേജ്മെന്റ് : ഗവൺമെന്റ്
- പഠന മാധ്യമം : മലയാളം

# സമഗ്രവികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം- മലയാളം, ഇംഗ്ലീഷ്, ഹിന്ദി
2. എളുപ്പത്തിൽ ഇംഗ്ലീഷ് പഠനം
3. വായനാ ശേഷി പരിപോഷണം
4. ലൈബ്രറി ശാക്തീകരണം
5 സാഹിത്യ രചന ശില്പശാലകൾ
6. ഭാഷാ ലാബ് നിർമ്മാണം
7. സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ കാര്യക്ഷമമാക്കൽ
8. ഗണിത ചിന്ത, ഗണന ചിന്ത വികസനം
9. ശാസ്ത്രാഭിരുചി വളർത്തൽ
10. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം, സോഷ്യൽ സയൻസ്
11. ജൈവ വൈവിധ്യപാർക്ക് നവീകരണം
12. കലാപരിപോഷണം
13. കായികശേഷി വികസനം
14. പ്രവൃത്തി പരിചയ പരിശീലനം
15. കുട്ടികളുടെ മാനസികാരോഗ്യ പരിപാലനം
16. അടുക്കളത്തോട്ടം - നിർമ്മാണം
17. ദിനാചരണങ്ങൾ – കൂടുതൽ കാര്യക്ഷമമാക്കൽ
18. ഗവേഷണാത്മക പഠനം
19. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
20. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ
21. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ
22. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

ഉപമേഖല: ഇംഗ്ലീഷ്

പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം. | 1. ഇംഗ്ലീഷ് ക്ലാസ് ഇംഗ്ലീഷിൽ തന്നെ കൈകാര്യം ചെയ്യൽ.<br>2. ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ<br>- ഇംഗ്ലീഷിൽ Debate, Seminar, Elocution , Role play, News reading, Poem recitation, Skit, Mime തുടങ്ങിയവ സംഘടിപ്പിക്കൽ<br>3. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | 2000 | PTA |
| 2. കുട്ടികളുടെ ഭാഷാ പ്രശ്നങ്ങൾക്ക് പരിഹാരം | കുട്ടികളോട് ഇംഗ്ലീഷിൽ സംസാരിക്കുക. അവർ പരസ്പരം ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | -- | -- |
| 3. കുട്ടികൾക്ക് കണ്ടും കേട്ടും അറിയാനും പഠിക്കാനുമുള്ള അവസരം നൽകൽ | പാഠഭാഗങ്ങളുടെ അവതരണത്തിന് ഓഡിയോ വീഡിയോ, സിനിമ സങ്കേതങ്ങൾ ഉപയോഗിക്കുന്നു.. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | -- | -- |
| 4. ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | കൈയ്യെഴുത്ത്, ചുമർ മാസിക നിർമ്മാണം, ഇംഗ്ലീഷ് കഥ കവിത രചനാ ക്യാമ്പ്. പ്രസിദ്ധീകരിക്കൽ, വായന കുറിപ്പ് തയ്യാറാക്കൽ | നവംബർ, ഡിസംബർ | അധ്യാപകർ | 5000 | PTA |

# പ്രവർത്തനങ്ങൾ – വിശദാംശങ്ങൾ

## ഉപമേഖല: മലയാളം

## പ്രവർത്തനം: ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാ വസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. വാക്ക് ഉറപ്പിക്കൽ<br>3.ചിഹ്നം ഉറപ്പിക്കൽ<br>4. വാക്യ നിർമ്മാണം<br>5. അക്ഷരങ്ങൾ, വാക്കുകൾ എഴുതിയ കാർഡ് തയ്യാറാക്കൽ<br>6. വാക്യങ്ങൾ നിർ മ്മാണ ശിൽപശാല | ജൂൺ, ജൂലൈ | അധ്യാപകർ | 2000 | PTA |
| 2.കുട്ടികളെ മികച്ച വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പത്രവായന<br>4. പുസ്തക ചർച്ച<br>5. വായന കുറിപ്പ് | ജൂൺ മുതൽ നവംബർ | അധ്യാപകർ | 5000 | PTA |
| 3.കുട്ടികളിലെ സർ ഗാത്മക രചന ശേഷി പരിപോഷിപ്പിക്കുക | 1. എഴുത്തുകൂട്ടം<br>2. രചന ശില്പശാല<br>3. പതിപ്പ് തയ്യാറാക്കൽ<br>4. വ്യക്തിഗത രചന പരിപോഷണം<br>5. പുസ്തക ചർച്ച<br>6. സാഹിത്യകാരുമായി സംവാദം | ജൂൺ മുതൽ നവംബർ | അധ്യാപകർ | 7000 | PTA |
| 4. സദസ്സിനെ അഭിമുഖീകരിക്കുവാ ൻ പ്രാപ്തനാക്കുക | 1. പ്രസംഗ പരിശീലനം<br>2. വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>3. മികച്ച പ്രസംഗ വീഡിയോ, ഓഡിയോ കേൾപ്പിക്കുക. | ജൂൺ മുതൽ നവംബർ | അധ്യാപകർ | 7000 | PTA |

## ഉപമേഖല : ഹിന്ദി

## പ്രവർത്തനം:  ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. ഹിന്ദി ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി നേടൽ | 1.വായന കാർഡ് തയ്യാറാക്കൽ<br>2. ചാർട്ട് തയ്യാറാക്കൽ<br>3. പാഠഭാഗങ്ങളുടെ വായന<br>4. ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി അസംബ്ലി<br>5. ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | 1000 | PTA |
| 2. ഹിന്ദി ഭാഷയിൽ എഴുത്ത് സാധ്യമാക്കൽ | 1. പാഠഭാഗങ്ങൾ പകർത്തിയെഴുത്ത്.<br>2. മാസിക തയ്യാറാക്കൽ<br>3. നിഘണ്ടു തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | 1000 | PTA |
| 3. ദിനാചരണങ്ങൾ | 1. ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കൽ<br>2. ഹിന്ദി ഭാഷാ പ്രയോഗം ഉറപ്പു വരുത്തൽ<br>3. ഹിന്ദി പ്രദർശനം | സെപ്തംബർ | ഹിന്ദി ക്ലബ്ബ് | 5000 | PTA |
| 4. ഹിന്ദി സാഹിത്യത്തിൽ അഭിരുചി വളർത്തൽ | 1. ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br>2. സാഹിത്യ രചനകൾ എഴുത്തുകാർ പരിചയപ്പെടൽ | ജൂൺ മുതൽ നവംബർ വരെ | അധ്യാപകർ | - | PTA |

ഉപമേഖല - സോഷ്യൽ സയൻസ്

പ്രവർത്തനം: സാമൂഹ്യശാസ്ത്രം പഠനം കൂടുതൽ കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. ഇന്ത്യയുടെ ഭൂമിശാസ്ത്ര സവിശേഷതകൾ കണ്ടെത്തുന്നു. | ഞാൻ കണ്ട ഇന്ത്യ – മിലിട്ടറിയിൽ സേവനമനുഷ്ഠിക്കുന്ന സൈനികരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | 3000 | PTA |
| 2. പ്രാദേശിക സവിശേഷതകൾ അറിയുക. | ഗ്രാമയാത്ര – സ്കൂളിന് സമീപ പ്രദേശത്തിന്റെ സവിശേഷതകൾ കണ്ടെത്തി, രചനയിൽ ഏർപ്പെടുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | അധ്യാപകർ | 3000 | PTA |
| 3. പൈതൃക സംരക്ഷണം | പൈതൃക സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടോന്താറിലെ സംരക്ഷിത ജയിൽ സന്ദർശനം | ജൂൺ മുതൽ ആഗസ്റ്റ് വരെ | അധ്യാപകർ | 2000 | PTA |
| 4. ഭൂപട നിർമ്മാണം, ദിശാബോധം, സമയബോധം, സ്ഥലബോധം എന്നിവ എളുപ്പമാക്കുന്നതിന്. | ഭൂപട പഠനം - വിദഗ്ദരെ ഉൾപ്പെടുത്തി ഭൂപട പഠന ശില്പശാല സംഘടിപ്പിക്കൽ. | ജൂലൈ നവംബർ ഫിബ്രവരി | അധ്യാപകർ | 3000 | PTA |

ഉപമേഖല - സയൻസ്

പ്രവർത്തനം: ശാസ്ത്രാഭിരുചി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. ശാസ്ത്ര സർഗാത്മകതയ്ക്ക് അവസരം ഒരുക്കൽ | 1. ശാസ്ത്ര പുസ്തക വായനയ്ക്ക് അവസര മൊരുക്കൽ<br>2. ദിനാചരണങ്ങളുടെ ഭാഗമായി പോസ്റ്റർ രചന, ഡിജിറ്റൽ പോസ്റ്റർ<br>3. ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ശാസ്ത്ര വാർ ത്തകൾ പ്ദർ ശിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | 2000 | PTA |
| 2. ശാസ്ത്രവുമായി ബന്ധപ്പെട്ട ആനുകാലിക സംഭവങ്ങളെപ്പറ്റി ധാരണ കൈവരിക്കൽ | ശാസ്ത്ര കൗതുക, ഗവേഷണ വാർ ത്തകളും ചിത്രങ്ങളും പ്രദർശിപ്പിക്കുന്ന ബുള്ളറ്റിൻ ബോർഡ്. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ സയൻസ് ക്ലബ്ബ്. | 2000 | PTA |
| 3. 8,9,10 ക്ലാസുകളിലെ കുട്ടികൾ നേടേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിക്കൽ | 1. പാഠഭാഗങ്ങൾ ഉൾ ക്കൊള്ളിച്ച് വർക്ക് ഷീറ്റുകൾ നൽകുന്നു.<br>2. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക വർക്ക് ഷീറ്റ് നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ സയൻസ് ക്ലബ്ബ്. | - | PTA |
| 4. കൗതുക കണ്ണിലൂടെ | 1. ലഘു പരീക്ഷണങ്ങൾ<br>2. മോഡലുകളുടെ നിർ മ്മാണം<br>3. ശാസ്ത്രവാർത്താ അവതരണം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ സയൻസ് ക്ലബ്ബ്. | - | PTA |
| 5. വൈജ്ഞാനിക ലോകത്തേക്ക് | 1. ക്വിസ്<br>2.സെമിനാർ<br>3. പ്രൊജക്ട് | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ സയൻസ് ക്ലബ്ബ്. | - | PTA |

| | | | | | |
|---|---|---|---|---|---|
| 6. സയൻസ് ലാബ് നവീകരണം | 1. ഉപകരണങ്ങളെ, പ്രവർത്തനങ്ങൾ ക്കനുസരിച്ച് തരംതിരിക്കൽ<br>2. ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>3. കേടുവന്നവ നിർമാർ ജനം ചെയ്യൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ സയൻസ് ക്ലബ്ബ്. | 50000 | PTA |

## ഉപമേഖല – ഗണിതം

## പ്രവർത്തനം: ഗണിത ചിന്ത, ഗണന ചിന്ത വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2. ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗ പ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ | അധ്യാപകർ | - | PTA |
| 2.ഗണിത ക്ലിനിക്ക് | 1. ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്.<br>2. അധിക സമയ പഠനം ഉറപ്പിച്ച് കൂടുതൽ പിന്തുണ നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | - | PTA |
| 3. ഗണിത ലാബ് | ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കു കയും ചെയ്യുക | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ PTA | 200000/- | MP / MLA /Jilla Panchayath Fund |
| 4. ഗവേഷണാത്മക പ്രവർത്തനങ്ങൾ | കുട്ടികളിൽ ഗവേഷണ ചിന്ത വരുവാൻ ഗവേഷണ പ്രവർ ത്തനങ്ങൾക്ക് അവസരം നൽ കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ PTA | 5000/- | PTA |

## ഉപമേഖല – പരിസ്ഥിതി സംരക്ഷണം

## പ്രവർത്തനം: ജൈവ വൈവിധ്യപാർക്ക് നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. കുട്ടികളിൽ പരിസ്ഥിതി സംരക്ഷണ ബോധം വളർത്തൽ | സ്കൂളിൽ നിലവിലുള്ള ജൈവവൈവിധ്യ പാർക്ക് കൂടുതൽ ചെടികൾ വച്ച് വിപുലീകരിക്കുക | ജൂൺ , ജൂലൈ | SPC | 7000 | സർക്കാർ |

## ഉപമേഖല - കായികം

## പ്രവർത്തനം: കായികശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. കായികശേഷി വികസനം | 1. കുട്ടികളുടെ കഴിവു കൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ<br>2. ഫുട്ബോൾ പരിശീലനം. രാവിലെയും വൈകീട്ടും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം<br>3. വോളിബോൾ പരിശീലനം. രാവിലെയും വൈകീട്ടും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | ജൂൺ മുതൽ ഡിസംബർ വരെ | കായിക അധ്യാപകൻ | 20000 | PTA |

## ഉപമേഖല - പ്രവൃത്തി പരിചയം

## പ്രവർത്തനം: പ്രവൃത്തി പരിചയപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. പ്രവൃത്തി പരിചയം പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെട്ടുത്തൽ. | ആഴ്ചയിൽ 2 ദിവസം ഒരു വർഷം | അധ്യാപകർ | 20000 | PTA |

## ഉപമേഖല - കലാവിദ്യാഭ്യാസം

## പ്രവർത്തനം: കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. സർഗാത്മക വികാസവും വൈജ്ഞാനിക വികാസവും- സാമൂഹിക ഉൾചേരൽ | **ഹ്രസ്വകാലം:**<br>ക്ലാസ് തല പഠനസഹായ പുസ്തക അനുബന്ധ പ്രവർത്തനങ്ങൾ | ആഴ്ചയിൽ 2 ദിവസം | കലാ അധ്യാപകൻ | - | PTA |
| | **ദീർഘകാലം:**<br>കലാ ക്യാമ്പുകൾ<br>ആർട്ട് ഗ്യാലറി<br>പ്രദർശനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | കലാ അധ്യാപകൻ | 50000 | |

## ഉപമേഖല - മാനസികാരോഗ്യം

## പ്രവർത്തനം: കുട്ടികളുടെ മാനസികാരോഗ്യ പരിപാലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. കുട്ടികളുടെ മാനസികാരോഗ്യ പരിപാലനം | 1. കുട്ടികളുടെ ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>2. ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കൗൺസി ലിംഗ് ഫലപ്രദമാക്കൽ. | ജൂണിൽ തുടങ്ങി എല്ലാദിവസവും | കൗൺ സലിംഗ് അധ്യാപിക<br>എല്ലാ അധ്യാപക രും | - | - |

## ഉപമേഖല – ക്ലാസ് പിടിഎ

## പ്രവർത്തനം: ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത ചെലവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ | 1. കുട്ടികളുടെ പഠനനേട്ടങ്ങൾ, വിടവുകൾ, പോരായ്മകൾ എന്നിവ കണ്ടെത്തി പിന്തുണ നൽകൽ<br>2. പ്രാദേശിക പിടിഎ | മൂന്ന് മാസത്തിൽ ഒരിക്കൽ | അധ്യാപകർ പിടിഎ | - | - |

ഉപസംഹാരം

തിരുമേനി ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല

പ്രധാനാധ്യാപകൻ